## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1623 | | 05.02.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിലെ കാലതാമസം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ജോൺ ഫെർണാണ്ടസ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | കൊച്ചി നഗരസഭയിൽ വാർദ്ധക്യകാല പെൻഷന് അപേക്ഷിച്ച എത്ര പേർക്ക്പെൻഷൻ ലഭിക്കേണ്ടതായിട്ടുണ്ട്; നഗരസഭ ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | 6500 പേർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. ഡിവിഷൻ തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകൾ പരിഗണിക്കപ്പെടുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; | (ബി) | 06/07/2018 ലെ സ.ഉ(എം.എസ്) നം.241/2018/ധന. നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ മാനദണ്ഡങ്ങൾ പരിഷ്കരിച്ചുകൊണ്ടും പുതിയ അപേക്ഷകൾക്ക് ഡാറ്റാ എൻട്രി അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ പുതുക്കിയ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസ്തുത അപേക്ഷകളിന്മേൽ പുനരന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി പെൻഷന് അർഹതയുള്ളവരുടെ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സ്വാഭാവികമായ കാലതാമസമാണ് ഇക്കാര്യത്തിൽ നേരിടുന്നത്. |
| (സി) | പ്രസ്തുത അപേക്ഷകൾ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് പെൻഷൻ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പെൻഷൻ അർഹത സംബന്ധിച്ച അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം വാർഡ്സഭ, ക്ഷേമകാര്യ കമ്മറ്റി, നഗരസഭ കൗൺസിൽ എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമായ അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്തു വരുന്നു. ഡാറ്റാ എൻട്രി പൂർത്തികരിച്ച് പെൻഷൻ ഐ.ഡി നമ്പർ ലഭിച്ചതിനു ശേഷം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖാന്തിരം പെൻഷൻ അയക്കുന്ന മുറയ്ക്ക് അപേക്ഷകർക്ക് പെൻഷൻ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ